"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാമാക്ഷി ഗ്രാമപഞ്ചായത്ത് - കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.661/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/03/2020

പരാമർശം:- 1 02/03/2019 ലെ സ. ഉ ( സാധാ ) നം.500/2019/ തസ്വഭവ നമ്പർ ഉത്തരവ്.

2 കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19/02/2020 ലെ എ3-365/2020 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 13/04/2019 മുതൽ 26.06.2019 വരെ കുടിവെള്ളം വിതരണം നടത്തിയതിന് 1674000/- രൂപ ചെലവായിട്ടുണ്ട്. ജി.പി.എസ് സംവിധാനം ഇല്ലാതെയാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. എന്നാൽ പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കരാറുകാരന് 10,80600/-രൂപ നൽകിയിട്ടുണ്ട്. അധികമായി ചെലവായ 593400/- രൂപ വാഹന ഉടമകൾക്ക് നൽകുന്നതിന് പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമായ സാഹചര്യത്തിലും ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളുടെ ക്വട്ടേഷൻ ലഭിക്കാതിരുന്ന സാഹചര്യത്തിലുമാണ് ജി.പി.എസ് ഘടിപ്പിക്കാത്ത വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തേണ്ടി വന്നതെന്നും ആയത് മാപ്പാക്കി അധികമായി ചെലവായ തുക വാഹന ഉടമകൾക്ക് നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാമാക്ഷി ഗ്രാമപഞ്ചായത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി GPS ഘടിപ്പിക്കാത്ത വാഹനങ്ങളിൽ 13/04/2019 മുതൽ 26/06/2019 വരെ കുടിവെള്ളം വിതരണം ചെയ്ത വകയിൽ തുക വിനിയോഗിച്ച നടപടി സാധൂകരിച്ചും, കാലാകാലങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന നിബന്ധനയോടെയും അധികമായി കരാറുകാർക്ക് നൽകേണ്ട 574000/- രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജന് സി വി ഐ എ സ്**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, കാമാക്ഷി ഗ്രാമപഞ്ചായത്ത്, കാമാക്ഷി, ഇടുക്കി

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by SMITHA B CHANDRA
Date: 2020.03.19 15:44:37 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്.